Draft #92 of File 1650/AD A1/4/2019/REG SECT Approved by ASSISTANT REGISTRAR I (ADMIN) on 09-Nov-2021 03:55 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം: ഓഫീസ് അറ്റൻഡന്റ്, ക്ലറിക്കൽ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, അസിസ്റ്റന്റ് - സർവ്വകലാശാലയിലെ വിവിധ ബ്രാഞ്ചുകളിലെ ഓഫീസുകളിലേക്കുള്ള ആഭ്യന്തര നിയമനങ്ങൾ - ബ്രാഞ്ച് ഓഫീസർമാർക്ക് നിർദ്ദേശം നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 5946/AD A1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 09.11.2021

*പരാമർശം:-*വൈസ് ചാൻസലറുടെ ഉത്തരവോടുകൂടിയ 03.11.2021 തീയിതിയിലെ രജി./2/167/2021 നമ്പർ കുറിപ്പ്.

**ഉത്തരവ്**

സർവ്വകലാശാലയിലെ വിവിധ ബ്രാഞ്ചുകളിലെ ഓഫീസുകളിലേക്ക് നിയോഗിക്കപ്പെട്ട ഓഫീസ് അറ്റൻഡന്റ്, ക്ലറിക്കൽ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിലുള്ള ജീവനക്കാരെ ഭരണസൗകര്യാർത്ഥം ആഭ്യന്തരമായി സീറ്റുകൾ മാറ്റി നിയമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇപ്രകാരമുള്ള സ്ഥലംമാറ്റം ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിലെ രേഖകളിൽ വരാത്തത് മൂലം ഭരണപരമായ അസൗകര്യങ്ങൾ ഉണ്ടാകുന്നതിനാൽ, വിവിധ ബ്രാഞ്ചുകളിൽ നിയമിക്കപ്പെട്ടിട്ടുള്ള, മേൽ പരാമർശിച്ച വിഭാഗം ജീവനക്കാരുടെ ആഭ്യന്തര ട്രാൻസ്ഫറുകൾ രജിസ്ട്രാറുടെ അനുമതിയോടുകൂടി ബന്ധപ്പെട്ട ഭരണവിഭാഗം സെക്ഷനുകളിൽ നിന്നും പുറപ്പെടുവിക്കുന്ന ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണമെന്ന് അതാത് ബ്രാഞ്ച് ഓഫീസർമാർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
3. എ.ആർ./ ഡി.ആർ/ ജെ.ആർ. (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം)
4. എ.ഡി.സി. I/II/III/ ആഡിറ്റ് V/ ഫിനാൻസ് I/II/ ഫിനാൻസ് കമ്പ്യൂട്ടർ സെൽ/ CITAD
5. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല
6. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി.
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം